

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**30 August 2019**
**28 Dhul-Hijjah 1440 AH**

# DAWAT-I-ALLAH – INVITATION TO ALLAH (PART 5)
# അല്ലാഹുവിലേക്കുള്ള ക്ഷണം (ഭാഗം5)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിലേക്കുള്ള ക്ഷണം (ഭാഗം5)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇബ്റാഹീം പറഞ്ഞ സന്ദർഭവും (ഓർക്കുക) എന്റെ നാഥാ, മരിച്ചവരെ നീ എങ്ങനെയാണ് ജീവിപ്പിക്കുന്നതെന്ന് എനിക്ക് കാണിച്ചു തരിക, (അല്ലാഹു) പറഞ്ഞു, നീ വിശ്വസിച്ചിട്ടില്ലേ? അദ്ദേഹം പറഞ്ഞു, ഉണ്ട്, (ഞാൻ വിശ്വസിച്ചിട്ടുണ്ടെന്നത് ഒരു യഥാർത്ഥ്യമാണ്), പക്ഷേ, എന്റെ മനസ്സമാധാനത്തിന് വേണ്ടിയാണ് (ഞാൻ ഈ ചോദ്യം ഉന്നയിച്ചത്) (അല്ലാഹു) പറഞ്ഞു നീ നാലു പക്ഷികളെ പിടിച്ച് അവയെ നീയുമായി (നല്ലപോലെ) ഇണക്കുക. എന്നിട്ട് അവയിൽ ഓരോ ഇനത്തെയും ഓരോ കുന്നിൻമേൽ വയ്ക്കുക. പിന്നീട് അവയെ വിളിക്കുക. എന്നാൽ, അവ നിന്റെ അടുക്കലേക്ക് ഓടിവരുന്നതാണ്. അല്ലാഹു പ്രതാപവാനും യുക്തിജ്ഞാനുമാണെന്ന് അറിഞ്ഞുകൊള്ളുക (2:261)

ലോകമെങ്ങുമുള്ള ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾ ദഅ്വത്തുല്ലാഹ് എന്ന പദവുമായി നിത്യപരിചരിയത്തിലായിരിക്കുന്നു എന്നറിയാം. മനുഷ്യരെ ദൈവത്തിലേക്ക് ക്ഷണിക്കുക എന്നതാണ് അതുകൊണ്ടർത്ഥമാക്കുന്നത് എന്നും അവർക്കറിയാം.

നിങ്ങൾ ഈ പദവുമായി കൂടുതൽ അടുത്തു പരിചയപ്പെടാനുള്ള കാരണം, നിങ്ങളെ സൃഷ്ടിച്ചതിന്റെ ഉദ്ദേശത്തോ

മെന്താണ്? എന്നതിന്റെ വിശദീകരണമെന്ന നിലയിൽ, ഈ ദൗത്യം എത്തിക്കലാണ് എന്നും, ഈ ദൗത്യന്റെ പ്രാധാന്യം എടുത്തു പറഞ്ഞുകൊണ്ട് തുടർച്ചയായി നിങ്ങളെ കഴിഞ്ഞ കാലങ്ങളിലൂടെ, നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുകയായിരുന്നുവല്ലോ. ഒരു മനുഷ്യനു മറ്റൊരു മനുഷ്യന് നല്കാവുന്ന ഏറ്റവും നല്ല സേവനം അവനെ ദൈവത്തിലേക്ക് ക്ഷണിക്കുക എന്നതാണ്. ഒരു മുന്നറിയിപ്പുകാരൻ നിങ്ങളിൽ എല്ലായ്പ്പോഴും കുടികൊള്ളുന്നുണ്ട്, എന്നാൽ നിങ്ങളിൽ വളരെ കുറച്ചു പേർമാത്രമെ, അത് വേണ്ടതുപോലെ തിരിച്ചറിഞ്ഞിട്ടുള്ളു. നിങ്ങൾ യഥാർത്ഥമായ നിലയിൽ, അത് അറിയുകയാണെങ്കിൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളും, ലോകത്തിലുള്ള മറ്റു മുസ്ലിംകളും ഞാനീ പറയുന്ന സമയം തന്നെ, ഈ അനുഗ്രഹീത ജോലിയിലേക്ക് ആഴ്ന്നിറങ്ങുന്നതാണ്.

നിങ്ങൾ ഞാൻ പറയുന്നതു കേട്ടുകൊണ്ടിരിക്കുകയാണ്. ഈ കഠിനജോലിയുടെ പ്രാധാന്യം മനസ്സിലാക്കുക. ഈ ജോലി മനുഷ്യനിൽ ഭരമേല്പ്പിച്ചിരിക്കുകയാണ്, എന്നാൽ നിങ്ങളിൽ അധികം പേരും, എനിക്ക് പറയുന്നതിന് സന്തോഷമുണ്ട്, ഈ ജോലിയിൽ നിങ്ങൾക്ക് വലിയ പരിചയമൊന്നുമില്ല. എങ്ങനെയാണ് ചെയ്യേണ്ടതെന്ന് നിങ്ങൾക്കറിയില്ല. തീർച്ചയായും ഞാൻ പറയുന്നത് നിങ്ങൾ ശ്രദ്ധിക്കാറുണ്ട്. നിങ്ങളുടെ മുഖങ്ങളുടെ ഭാവങ്ങൾ, നിങ്ങൾക്ക് ചിലത് ചെയ്യണമെന്നുണ്ട്, എന്ന് ദ്യോതിപ്പിക്കുന്നുണ്ട്, ദൗർഭാഗ്യവശാൽ നിങ്ങൾ ഇവിടെ നിന്നും ഇറങ്ങിയാൽ, നിങ്ങൾ കേട്ട ഈ കാര്യം അപ്പോഴേ മറന്നു പോകുന്നു. ഞാൻ നിങ്ങളോടെല്ലാം ചെയ്യാൻ പറഞ്ഞത് നിങ്ങൾ മറന്നു പോകുന്നു. ചിലപ്പോൾ ഞാൻ തന്നെ അത്ഭുതപ്പെടാറുണ്ട്. ഞാനെന്തിനാണ് ഇങ്ങനെ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്, ഇത്രയും ഒച്ച എടുത്ത് എന്തിനാണ് ഇങ്ങനെ പറയുന്നത്? ഈ സന്ദേശത്തിന്റെ, ദൗത്യത്തിന്റെ പ്രാധാന്യത്തെകുറിച്ച് നിങ്ങളെ ഗ്രഹിപ്പിക്കുവാൻ ഇത്രയും ആവർത്തനം ആവശ്യമാണോ? കാരണം നിങ്ങൾ ഇതിന്റെ മേൽ നല്ല നിലയിൽ പ്രവർത്തനം തുടങ്ങുന്നില്ലെങ്കിൽ, ഈ മാനവകുലത്തെ ഈ ലോകത്ത് രക്ഷിക്കുവാൻ മറ്റാരുമില്ല. നാശത്തിന്റെ അഗാധ ഗർത്തത്തിൽ നിന്നും വീണ്ടെടുക്കുവാൻ

മറ്റൊരുമില്ല.

തിരിച്ചു വരാൻ കഴിയാത്ത ഒരു ബിന്ദുവിലേക്ക് ഈ ലോകം ചലിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യൻ ദൈവത്തെ പിന്തള്ളിയിരിക്കുകയാണ്. അവർ ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് ഉറച്ചും, ശക്തമായും പറയുന്നുണ്ടെങ്കിലും, പ്രായോഗികതലത്തിൽ, അവർ പിൻതുടരുന്ന വഴികൾ അവനിൽ നിന്നും അവരെ വിദൂരത്തിലാക്കിക്കൊണ്ടിരിക്കുകയാണ്, ഇത് സംബന്ധമായി നിങ്ങൾക്കെന്തെങ്കിലും സംശയമുണ്ടെങ്കിൽ, നിങ്ങൾ എനിക്ക് പറഞ്ഞു തരൂ എന്തുകൊണ്ടാണ്, ഈ ലോകത്ത് സമാധാനമില്ലാത്തത്? ജനങ്ങളുടെ ഹൃദയങ്ങളിൽ എന്തുകൊണ്ടാണ് ഇത്രയും വെറുപ്പും വിദ്വേഷവും കുടികൊള്ളുന്നത്? എന്തുകൊണ്ടാണ് ഇത്രയധികം സാമൂഹ്യതിന്മകൾ നിലനില്ക്കുന്നത്? ഇത്രയധികം ഭയം എന്തുകൊണ്ടാണ് ഇവിടെ നിലനില്ക്കുന്നത്? പരസ്പരം വിശ്വസ്തത പുലർത്തുവാൻ സാധിക്കാത്തതെന്തുകൊണ്ടാണ്? സത്യത്തിൽ മനുഷ്യൻ എവിടെയാണ്? സമാധാനത്തെ അവന്റെ പിന്നിലേക്ക് മാറ്റി നിർത്തിയതെന്തേ? അവന്റെ സമതല തെറ്റിയിരിക്കുകയല്ലേ?

അവൻ അശാന്തിയുടെ കൂട്ടുകാരനാണ്, അവൻ അസംതൃപ്തനാണ്. അവന്റെ ഭാവിയെകുറിച്ച് അവൻ വലിയ ഭയത്തിലാണ്. ദൈവത്തെ ആരാധിക്കുന്നവരുടെ വിധി ഇപ്രകാരം ആയിരിക്കുവാൻ ഒരു വഴിയുമില്ല. അവനിലേക്ക് അവരെ നയിക്കുന്ന പാതയിൽ ഇത്തരം ഗർത്തങ്ങളൊന്നുമില്ല.

എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ ഞാൻ പാരായണം ചെയ്ത വചനം ഈ വിഷയവുമായി വളരെയധികം ബന്ധിതമാണ്. ജനങ്ങളെ എങ്ങനെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ കഴിയുമെന്ന് നിങ്ങൾ പഠിക്കേണ്ടതുണ്ട്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗം, തന്റെ ഉത്തരവാദിത്വങ്ങൾ തിരിച്ചറിഞ്ഞിട്ടുള്ള ഒരംഗം, അവൻ തീർച്ചയായും, അവനെ അല്ലാഹുവിന്റെ സേവനത്തിനായി വിട്ടുകൊടുക്കുന്നു. അതേ സമയം അവൻ മാനവകലുത്തിന്റെ സേവനത്തിലുമായിരിക്കും. അവൻ മാനവകുലത്തെ തങ്ങളുടെ സൃഷ്ടാവിലേക്ക് ക്ഷണിക്കുന്നവരായിരിക്കും. ഒരു വസ്തുത ഞാൻ വ്യക്തമാക്കട്ടെ! വിശുദ്ധഖുർആന്റെ, അധ്യാപന പ്രകാരം

എല്ലാവഴികളും ദൈവത്തിലേക്ക് നയിക്കുന്നതാണ്. വിശുദ്ധ ഖുർആൻ ഒരു നേർപാത നമുക്ക് കാണിച്ചു തരുന്നുണ്ട്. അത് ചിന്താപരമായ പാതയാണ്, അത് ദൈവത്തിലേക്ക് നയിക്കുന്നതാണ്. നമ്മെ ഓർമ്മപ്പെടുത്തുമ്പോൾ തന്നെ, ജനങ്ങൾ ഏതു വിശ്വാസത്തിലായാലും ശരി, അവർ ദൈവത്തെ കണ്ടു മുട്ടുവാനുള്ള ഇച്ഛ പ്രകടിപ്പിക്കുന്നുവെങ്കിൽ, അഥവാ അവനിലേക്ക് മാർഗദർശനം നല്കപ്പെടുന്നുവെങ്കിൽ, അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ എന്ന നിലയിലുള്ള നമ്മുടെ ഭാരിച്ച ജോലി, അല്പം പോലും ബുദ്ധിമുട്ടുള്ളതോ പ്രയാസകരമായതോ അല്ല. കാരണം ഈ കാര്യത്തിൽ അല്ലാഹു(ത) നമ്മെ സഹായിക്കുന്നതാണ്. ഇതു സംബന്ധമായി അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗങ്ങളിൽ നയിക്കുന്നതാണ്. അല്ലാഹു നിശ്ചയമായും സദ്വൃത്തരുടെ കൂടെയാകുന്നു. (29:70)

മനുഷ്യൻ സ്വയമേവ ശക്തനല്ല, സ്വയമേ വേണ്ടത്ര പ്രകാശപൂരിതനുമല്ല, ദൈവത്തെ സ്വയമേവ കണ്ടുപിടിക്കുവാനുള്ള ബുദ്ധിശക്തിയുമില്ല. ദൈവം, അവൻ തന്നെയാണ്, മനുഷ്യനിലേക്ക് പോകുന്നത്, അവനെ കണ്ടു പിടിക്കുന്നതും ദൈവം തന്നെയാണ്, എന്നാൽ ഒരു നിബന്ധനയുണ്ട്, അതായത് മനുഷ്യന് ഒരാഗ്രഹം ഉണ്ടായിരിക്കണം, അവനിലേക്ക്, ദൈവത്തിലേക്ക് എത്തിച്ചേരാണമെന്നുള്ള ഒരഭനിവേശം ഉണ്ടായിരിക്കണം, അവന്റെ(ദൈവത്തിന്റെ) സൗഹൃദവലയത്തിൽ കൂടണമെന്നുള്ള അദമ്യമായ ആഗ്രഹം! മനുഷ്യനിൽ നിന്ന് അല്ലാഹു പ്രതീക്ഷിക്കുന്നത് മൊത്തത്തിൽ അത്രമാത്രം! ബാക്കിയുള്ളതൊക്കെ അവന്റേതാണ് (ദൈവത്തിന്റേതാണ്) ഈ വഴി തുറക്കുന്നത് അവൻ മാത്രമാണ്, അത് അവന് എളുപ്പമാക്കി കൊടുക്കുന്നതും അവൻ തന്നെ!

ഒരുവന്റെ നിത്യജീവിതത്തിൽ കാലിടറുമ്പോൾ, വീണു പോകുമ്പോൾ, വഴുതിപോകുമ്പോൾ, അവനെ സഹായിക്കുന്നത് അല്ലാഹു(ത) മാത്രമാകുന്നു. ആവശ്യമായ ഒരേ ഒരു കാര്യം അവനെ ഉത്തേജിപ്പിക്കുന്ന ഒരേ ഒരു ശക്തി കേന്ദ്രം, മനുഷ്യനെ മുന്നോട്ട് ചലിപ്പിക്കുന്നത്, അവന്റെ ഉദ്ദേശ ശുദ്ധിയായിരിക്കണം. ദൈവത്തിനു വേണ്ടിയുള്ള അന്വേഷണം മനുഷ്യന്റെ ഉള്ളിൽ

തന്നെയുള്ളതിൽ നിന്നുമായിരിക്കണം, അതുകൊണ്ട് ആരാണോ അവനെ അന്വേഷിക്കുന്നത്,, അവനിലേക്ക് എത്തുവാൻ ആഗ്രഹിക്കുന്നത്, അവൻ അത്ഭുതകരമായ ഈ ഇച്ഛ കൊണ്ടു തന്നെ അതിനു ആരംഭമിടണം. അല്ലാത്തപക്ഷം അവന്റെ പ്രാർത്ഥനയുടെ മുൻപിൽ ദൈവം ബധിരനായിരിക്കും.

ദൈവത്തിലേക്ക് ക്ഷണിക്കുന്ന അനേകരെ ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. കൂടുതൽ പേരും അവരുടെ ഊർജ്ജം മുഴുവൻ വാദിച്ചു ജയിക്കുവാനായി ഉപയോഗിക്കുന്നു. അതിന്റെ ഫലം, വെറും വട്ടപ്പൂജ്യം എന്നവരറിയുന്നില്ല. കാരണം ഈ ആളുകൾ ദൈവ വചനം കേൾക്കുവാൻ ഒട്ടും താത്പര്യമില്ലാത്തവരാണ്. അഥവാ ദൈവത്തിന്റെ സ്നേഹവലയത്തിൽ കഴിയുവാൻ താത്പര്യമില്ലാത്തവരാണ്. അവർ ഭൗതികതയിൽ പൂർണ്ണ വൈദഗ്ധ്യം സിദ്ധിച്ച ആളുകളാണ്. അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന വരെ അവർ കേൾക്കുന്നത്, വെറും ഉപചാരമെന്ന നിലയിൽ മാത്രമാണ്, അവരുടെ താത്പര്യം മറ്റുപലതിലുമാണ്, അത് തികച്ചും ഭൗതിക പഠന സംബന്ധമായ കാര്യങ്ങളായിരിക്കും.

ആത്മീയമായി മരണപ്പെട്ട ഇത്തരം ആളുകളെ ജീവിതത്തിലേക്ക് വീണ്ടെക്കുവാൻ സൂറാ ബക്കറയിലെ 261-ാം വചനത്തിൽ സൂചിപ്പിച്ചിട്ടുള്ള കാര്യം വളരെ പ്രധാനപ്പെട്ടതാകുന്നു. ഒരുവൻ ദൈവത്തെ സംബന്ധിച്ച് ശ്രദ്ധിക്കുന്നില്ലെങ്കിൽ, ദൈവത്തെ സംബന്ധിച്ചിടത്തോളം, അവനെ കണക്കാക്കുന്നത്, മരണപ്പെട്ടവനായിട്ടാണ്, ബധിരനായിട്ടാണ്, അന്ധനായിട്ടാണ്. അങ്ങനെ ആയിരിക്കെ ഈ മനുഷ്യനെ നിങ്ങൾക്കെങ്ങനെയാണ് ജീവിതത്തിക്കേ് മടക്കിക്കൊണ്ട് വരുവാൻ സാധിക്കുന്നത്?

ആയിരക്കണക്കിന് വർഷങ്ങൾക്കു മുൻപ് ഇബ്റാഹീം(അ) ദൈവസവിധത്തിൽ സമർപ്പിച്ച ചോദ്യവും ഇതുതന്നെയാണ്. ഇതെനിക്ക് എങ്ങനെയാണ് ചെയ്യുവാൻ സാധിക്കുക? അദ്ദേഹം ദൈവത്തോട് ആരാഞ്ഞു. താൻ ഒരു നിസ്സാര സൃഷ്ടിയാണ്, എന്നെയോ? തന്റെ കാലത്തെ ജനസമൂഹം നിരാകരിച്ചിരിക്കുന്നു, തിരസ്ക്കരിച്ചിരിക്കുന്നു, എന്നാൽ അവരെ മരണാവസ്ഥയിൽ നിന്നും ജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വരുവാനുള്ള ദൗത്യം ഏല്പിച്ചിരിക്കുന്നു. അദ്ദേഹം ഇപ്രകാരം ചോദി

ക്കുകയുണ്ടായി, എന്റെ രക്ഷിതാവേ, മരണപ്പെട്ടവരെ എങ്ങനെയാണ് ജീവിതത്തിലേക്ക് മടക്കിക്കൊണ്ടു വരുന്നത്? ഞാൻ നിന്നോട് യാചിക്കുകയാണ്, എനിക്ക് പറഞ്ഞു തരൂ! എനിക്ക് സത്യമായും അറിയാം, നിന്റെ വാഗ്ദാനം പൂർത്തീകരിക്കപ്പെടുന്നതാണെന്ന്. എനിക്കറിയാം ഒരു ദിനത്തിൽ എന്റെ അനുചരന്മാർ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും, ഭൂമിയിലെ മണൽതരിപോലെയയും എണ്ണമറ്റതായി വർദ്ധിക്കുന്നതാണെന്ന്! ഇതിലെല്ലാം ഞാൻ വിശ്വസിക്കുന്നു, എന്നിരുന്നാലും ഞാൻ ആദരവോടെ ചോദിക്കുകയാണ്. എങ്ങനെയാണ് ഈ മരണപ്പെട്ടവരെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ട് വരുക? അപ്പോൾ അല്ലാഹു(ത) അദ്ദേഹത്തിന് ഇപ്രകാരം മറുപടി നല്കുകയുണ്ടായി.

താങ്കൾ നാല് പക്ഷികളെ എടുക്കുക, എന്നിട്ടവയെ താങ്കളെ സ്നേഹിക്കുവാൻ പഠിപ്പിക്കുക. അവ താങ്കളെ സ്നേഹിക്കുമ്പോൾ, (അവ താങ്കളുമായി ബന്ധിതമാകുമ്പോൾ) താങ്കളെ കൂടാതെ അവയ്ക്ക് ജീവിക്കുവാൻ കഴിയാതെ വരുമ്പോൾ, താങ്കൾ അവയെ നാല് പർവ്വതങ്ങളുടെ മുകളിൽ കൊണ്ട് പോയി വിടുക. എന്നിട്ട് അവയെ വിളിക്കുക. അപ്പോൾ അവ താങ്കളുടെ അടുത്തേക്ക് അതിവേഗത്തിൽ എത്തിച്ചേരുന്നതാണ്.

ഗുണപാഠമുൾക്കൊള്ളുന്ന ഈ സന്ദേശം ഹസ്രത് ഇബ്റാഹീം (അ)നെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു(ത) പറയുമ്പോൾ, നാം മനസ്സിലാക്കേണ്ട ഒരു കാര്യം, ഇത് വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം തന്നെയാണ് എന്നാണ്! അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർക്കുള്ള വളരെ കാതലായ ഒരു പാഠം തന്നെയാണിത്. പ്രബോധന കലയിലെ മഹത്തായ അധ്യാപനം തന്നെയാണിത്. മരിച്ചവരെ ജീവിതത്തിലേക്ക് മക്കിക്കൊണ്ടു വരുന്ന ശാസ്ത്രശാഖയാണിത്, പ്രഥമവും പ്രധാനവുമായ പാഠം നാം മനസ്സിലാക്കേണ്ടത് ഇതാണ്, അതായത്, ആത്മീയമായി മരണപ്പെട്ടവർക്ക് ദൈവത്തെക്കുറിച്ച് യാതൊരു ശ്രദ്ധയുമുണ്ടായിരിക്കില്ല. അവനിലേക്ക് അവരെ മാർഗദർശനം ചെയ്യപ്പെടുന്നതുമല്ല. എന്നാൽ നിങ്ങൾ, അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ എന്ന നിലയിൽ, അവരെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ, ജീവിപ്പിച്ചു നിർത്തു

വാൻ, കുറഞ്ഞനിലയിലെങ്കിലും പരിശ്രമിക്കേണ്ടതാണ്. നിങ്ങൾ അവരെ സ്നേഹിക്കുകയാണെങ്കിൽ, നിങ്ങൾ നല്ലവരാണ് എന്ന ഒരു പ്രതിഛായ അവരിൽ വളർത്തുകയാണെങ്കിൽ, അല്ലാഹുവിനായി നിലകൊള്ളുന്ന ഒരു വ്യക്തിയാണ് എന്ന് അവർക്ക് ബോധ്യമായാൽ, ആത്മീയമായി മരണപ്പെട്ടു കിടക്കുന്ന ഇവർ, ക്രമേണ അവർ സ്വയം അല്ലാഹുവിലേക്ക് തിരിയുന്നതാണ്. അത് നിങ്ങളിലൂടെ, നിങ്ങളുടെ പ്രയത്നങ്ങളിലൂടെ! നിങ്ങളുടെ ദയാവായ്പിനെ അവർ കണ്ട് ബോധ്യപ്പെടുമ്പോൾ, അവർ നിങ്ങളെ സ്നേഹിക്കുവാൻ തുടങ്ങുന്നതാണ്.

അവരുമായി നിങ്ങൾ ശക്തമായ സൗഹൃദം സ്ഥാപിക്കേണ്ടതാണ്. അവരുടെ ആവശ്യങ്ങളിൽ നിങ്ങൾ അവരെ സഹായിക്കുകയാണെങ്കിൽ, അവരുടെ സന്തോഷങ്ങളിലും സന്താപങ്ങളിലും നിങ്ങൾ പങ്കുചേരുകയാണെങ്കിൽ, പ്രസ്തുത ബന്ധം ശക്തിപ്പെടുന്നതാണ്. നിങ്ങൾ മറ്റുള്ളവരോട് നിഷ്കളങ്കമായ രീതിയിൽ ഇടപഴകുക. എല്ലാ നന്മയുടെയും സൗന്ദര്യത്തിന്റെയും ചാരുതയുടെയും ഉറവിടം നിഷ്ക്കളങ്കതയാകുന്നു. നിങ്ങളെന്ന വ്യക്തിയിലുള്ള ഈ പ്രതിഛായ, അവരിൽ നന്മയുടെ പാഠവും, അഭിനിവേശവും അങ്കുരിപ്പിക്കുന്നതാണ്. നിങ്ങൾ അവരെ മനസ്സിലാക്കിക്കൊടുക്കുക മാത്രം ചെയ്താൽ മതി. അതാണ് യഥാർത്ഥ സംഭഷണ കല! നിങ്ങൾക്കിത് നിങ്ങളുടെ വിചാരങ്ങളിലൂടെ, ഹൃദയവികാരങ്ങളിലൂടെ അവരുടെ മുൻപിൽ പ്രകടിപ്പിക്കാവുന്നതാണ്. വെറും പ്രസംഗങ്ങളിലൂടെയല്ല! ഇത് ഒരു ഹൃദയവികാരപ്രകടനമാണ്, ഇത് അവരിൽ ചലനങ്ങൾ സൃഷ്ടിക്കും, നല്ല വാക്ക് പറഞ്ഞു എന്നു കരുതി അവരിൽ മാറ്റം കൊണ്ടു വരുവാൻ സാധിക്കുകയില്ല.

പലപ്രാവശ്യം, എന്റെ ജീവിതത്തിൽ ഞാനിതിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ചില ആളുകൾ മറ്റു ചിലരെ നന്നാക്കുവാൻ ചില സന്ദർഭങ്ങളിൽ ശ്രമിക്കാറുണ്ട്. അവരെ നന്നാക്കുന്നതിനായി, സംസ്ക്കരിക്കുന്നതിനായി, അവരുടെ സമയം ചെലവഴിക്കുന്നു. അങ്ങനെ അവരുടെ ശ്രമം ഇതിനായി തുടരുകയും, അവസാനം അവർ പറയും, ഓ! അവനെ നന്നാക്കുവാൻ പറ്റില്ല! അത്യധികം വഷളായ അവസ്ഥയിലാണ് അവന്റെ സ്ഥിതി എന്ന് പറയും! എന്നെപോലെ ഒരാൾക്ക് അവനെപോലെ

ഒരാളെ നന്നാക്കുവാൻ സാധിക്കുകയില്ല!

ജമാഅത്ത് അഹ്മദിയ്യ സ്ഥാപകരായ ഹസ്രത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ജീവിതത്തിൽ നിന്നും ഞാനൊരു ഉദാഹരണം നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്. അദ്ദേഹത്തിന് വളരെയധികം ഇഷ്ട സ്നേഹിതരുണ്ടായിരുന്നു. അതിൽ ഏറ്റവും ശ്രേഷ്ഠരായവർ ഹസ്രത് ഹക്കീം നൂറുദ്ദീൻ(റ) ആയിരുന്നു. അദ്ദേഹം വാഗ്ദത്ത മസീഹിന് (അ)ശേഷം ഖലീഫ ആയി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന് പ്രസംഗകലയിലും, സംഭാഷണകലയിലും, കഴിവുള്ള ആളായിരുന്നു. എന്നാൽ ആളുകളെ സ്വാധീനിക്കുവാനുള്ള കഴിവില്ലായിരുന്നു. ഇത് വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മ്ദ(അ) മായി താരതമ്യം ചെയ്യുമ്പോഴുള്ള അവസ്ഥയാകുന്നു. അദ്ദേഹം ആ കാര്യത്തിൽ രണ്ടാം നിരയിലായിരുന്നു. എന്നർത്ഥം.

ഹൃദയശക്തി ഓരോ ആളിലും വ്യത്യസ്തമായ നിലയിലായിരിക്കും. ഇതിന്റെ തെളിവിലേക്കായി ഞാനൊരു സംഭവം വിവരിക്കുകയാണ്. വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ്(അ)ന്റെ ഒരു സ്നേഹിതൻ പറഞ്ഞു. അദ്ദേഹത്തിന് മദ്യപാനിയായ ഒരു സ്നേഹിതനുണ്ടായിരുന്നു. അദ്ദേഹം മദ്യത്തിന് അടിമയായി പോയിരുന്നു. ഒരു രീതിയിലുള്ള പ്രേരണയും പ്രസംഗവും അദ്ദേഹത്തെ അതിൽ നിന്നും മാറ്റുവാൻ പര്യാപ്തമായിരുന്നില്ല. അപ്പോൾ അദ്ദേഹം, അയാളെ ഹക്കീം നൂറുദ്ദീൻ(റ)ന്റെ അടുക്കലേക്ക് കൂട്ടിക്കൊണ്ടുപോയി. അദ്ദേഹം, ഖാദിയാനിലെ ഒരു ഡോക്ടർകൂടി ആയിരുന്നുവല്ലോ! അദ്ദേഹം മദ്യത്തിന്റെ ദോഷവശങ്ങളെകുറിച്ചുകൂടി അയാൾക്ക് പറഞ്ഞു കൊടുത്തു. ഹസ്രത് മൗലവിനൂറുദ്ദീൻ(റ)മായുള്ള ഈ കൂടിക്കാഴ്ച കൊണ്ടും പ്രത്യേകിച്ച് ഒരു ഫലവും അയാളിലുണ്ടായില്ല.

ഖാദിയാൻ വിടുന്നതിന് മുൻപ് അവസാന അഭയകേന്ദ്രം എന്ന നിലയിൽ, അദ്ദേഹം അയാളെ ഹസ്രത് മിർസാഗുലാം അഹ്മദ്(അ)ന്റെ അടുത്തുകൂടി കൊണ്ടു പോയി. പ്രസ്തുത സന്ദർശനം ഏതാനും മിനിട്ടുകളിൽ അവസാനിച്ചു. മസീഹ്(അ) മദ്യത്തെ ക്കുറിച്ചെന്നും അയാളോട് പറയുകയുണ്ടായില്ല. അയാളുടെ മോശം പ്രവർത്തിയെകുറിച്ചും ഒന്നും പറഞ്ഞില്ല. അദ്ദേഹം

അയാളെ ഇപ്രകാരം ഉപദേശിക്കുകയുണ്ടായി. നല്ലവനായിരിക്കുവാൻ ശ്രമിക്കുക, ദയയുള്ളവനും ആകാൻ ശ്രമിക്കുക, മസീഹുമായുള്ള ഈ ഒരൊറ്റ ബന്ധത്തിലൂടെ അയാളിൽ സമ്പൂർണ്ണമായ മാറ്റം സംഭവിക്കുകയുണ്ടായി. ഇനി തന്റെ ജീവിതത്തിൽ ഒരിക്കലും മദ്യം തൊടുകയില്ല എന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. മസീഹുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം അയാൾ മസീഹുമായി സുഹൃത് വലയത്തിലുള്ള തന്റെ സ്നേഹിതനോട് പറഞ്ഞത് അദ്ദേഹം എന്നോട് മദ്യത്തെക്കുറിച്ചു യാതൊന്നും പറഞ്ഞില്ല. അദ്ദേഹത്തിന്റെ സ്വാത്തികതയും, ദയാവായ്പും പ്രതിരോധിക്കുവാൻ സാധിക്കുന്നതായിരുന്നില്ല, അതിനെ പ്രതിരോധിക്കുവാൻ കഴിയില്ല എന്ന് ഞാനറിഞ്ഞു. ഇപ്പോൾ ഞാൻ തികച്ചും വ്യത്യസ്തനായ ഒരു മനുഷ്യനായി മാറിയിരിക്കുന്നു.

അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവൻ എന്നതിന്റെ അർത്ഥം ഞാൻ മേൽ വിവരിച്ച സംഭവം പോലെയാകുന്നു. ഈ നിലയിൽ, ഇതേ നിലയിൽ, ജനങ്ങളിൽ മാറ്റം വരുത്തുവാൻ ശ്രമിക്കുക. അവരുടെ ജീവിത രീതിയിൽ മാറ്റം വരുത്തുവാൻ ശ്രമിക്കുക. വാഗ്ദത്ത മസീഹ് (അ)അപ്രതീക്ഷിതമായി എത്തിയ സന്ദർശകനോട് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുവാൻ ആവശ്യപ്പെട്ടില്ല. സന്ദർശകൻ അത് സ്വീകരിച്ചത് അദ്ദേഹത്തിന്റെ സ്വന്തം ഇഷ്ടപ്രകാരമാണ്. എങ്ങനെയാണ് ഈ മാറ്റം സംഭവിച്ചത്? കാരണം അഹ്മദിയ്യയിൽ എന്തോ നന്മ ഉണ്ട് എന്ന് അയാൾ അറിയുന്നു, അതു നന്മയ്ക്കായി നിലകൊള്ളുന്നു എന്ന് മനസ്സിലാക്കുന്നു, അത് ലോകത്തിന്റെ മുഖച്ഛായ തന്നെ മാറ്റുവാൻ ശ്രമിക്കുന്നു. നിങ്ങൾ ആദ്യം ചെയ്യേണ്ടത്, ജനങ്ങളെ നല്ലതു ചെയ്യുവാൻ ക്ഷണിക്കുക എന്നതാണ്, വിശുദ്ധഖുർആൻ നിറയെ അത്തരം അധ്യാപനങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു. ആൽഇംറാൻ 105-ാം വചനത്തിൽ അല്ലാഹു(ത) പറയുന്നു. നന്മയിലേക്ക് ക്ഷണിക്കുകയും നല്ല കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധ കാര്യങ്ങൾ വിലക്കുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിലുണ്ടാവേണ്ടതാണ്. അവർ തന്നെയാണ് വിജയം പ്രാപിക്കുന്നവർ (3:105)

സംശയലേശമന്യേ, അവ്യക്തത ഏതുമില്ലാത്ത ഒരു വ്യക്ത

മായ സന്ദേശമാണിത്. നിങ്ങൾ വിജയം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ലോകത്തിന്റെ മുഖഛായ തന്നെ നിങ്ങൾ മാറ്റുക. നിങ്ങൾ ചെയ്യേണ്ടത്, ആ വഴിയിലുള്ള കാര്യങ്ങളാണ്, നന്മ പ്രബോധിക്കുന്നതിന് വാദമുഖങ്ങളൊന്നും ആവശ്യമില്ല. വലിയ വാദമുഖങ്ങളുമായി നിങ്ങൾ ചെയ്യേണ്ടത്, ആ വഴിയിലുള്ള കാര്യങ്ങളാണ്, നന്മ പ്രബോധിക്കുന്നതിന് വാദമുഖങ്ങളൊന്നും ആവശ്യമില്ല. വലിയ വാദമുഖങ്ങളുമായി നിങ്ങൾ അടയിരിക്കുകയാണെങ്കിൽ, അതിൽ നിന്നു ഒന്നും വിരിയുവാൻ പോകുന്നില്ല. നിങ്ങളുടെ വാക്കുകൾ നിങ്ങളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നാണ് വരേണ്ടത്. നിങ്ങൾ പ്രതീക്ഷിച്ച പ്രതികരണമല്ല അവരിൽ നിന്നും, സംസാരിക്കുന്ന ആളിൽ നിന്നും വരുന്നതെങ്കിൽ, അപ്പോൾ അവരെ ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുക, ഇത് നിങ്ങളെ വളരെയധികം വേദനിപ്പിക്കുന്നു എന്ന് അവരോട് പറയുക! ഇത്തരം പ്രതികരണമാണ് മാതാക്കൾ തങ്ങളുടെ വഴങ്ങാത്ത മക്കളോട് പ്രകടിപ്പിക്കുന്നത്. എന്നാൽ ഇത്തരം പ്രതികരണങ്ങൾ പിതാക്കന്മാർക്ക് ചെയ്യുവാൻ കഴിയില്ല.

പിതാക്കന്മാരുടെ കർശന നിലപാടുകളെക്കാൾ കൂടുതൽ പ്രയോജനം ചെയ്യുന്നത്, മാതാക്കളുടെ സ്നേഹനിർഭരമായ പെരുമാറ്റമാണ്, മക്കളുടെ പെരുമാറ്റത്തെ നന്നാക്കി എടുക്കുവാൻ കൂടുതൽ കഴിയുന്നതെന്ന് ഞാൻ പലപ്പോഴും നിരീക്ഷിച്ചിട്ടുണ്ട്. ഒരു മാതാവിന്റെ മുഖത്ത് പ്രകടമാകുന്ന നിസ്സഹായതയും അതിയായ ദുഃഖവും, ഒരു മകന്റെ/കുട്ടിയുടെ ഹൃദയത്തിലേക്ക് കടന്നുചെല്ലുന്നു. അവന്റെ മോശം പ്രവർത്തികൾ അവസാനിപ്പിക്കാത്തതിലുള്ള നിസ്സഹായത പ്രകടിപ്പിക്കുന്ന മാതാവിന്റെ മുഖം, അവന്റെ ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ചെന്ന് സ്വാധീനം ചെലുത്തുന്നു. അങ്ങനെ അവന് കാര്യം മനസ്സിലാകുന്നു, തന്റെ മാതാവിന്റെ ദുഃഖത്തിന് കാരണം താനാണെന്നും, ഈ സാഹചര്യത്തിൽ അവനിൽ, അവൻ സ്വയം സംസ്ക്കരണം നടത്തി, മാതാവിന്റെ ദുഃഖത്തിന് പരിഹാരം കണ്ടെത്തുവാനും ശ്രമിക്കുന്നു.

ദൈവ വഴിയിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന ദായീ അല്ലാഹ് മാർ തെറ്റിദ്ധാരണയുടെ മുഖത്ത് പ്രകടമാകുന്ന, പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരുവനെ രക്ഷിക്കുവാനാണ്

ലക്ഷ്യമിടേണ്ടത്. സജ്ജനങ്ങളുടെ വഴിയിലേക്കുള്ള ക്ഷണം നടത്തുന്ന ഒരാൾക്ക്, ആഴത്തിലുള്ള ഒരു ധാരണയുണ്ടായിരിക്കണം, അതായത് മനുഷ്യന് ആവശ്യമായത് എന്തെന്നാൽ, അത് നന്മ മാത്രമാകുന്നു,

ഈ പ്രഭാഷണം അവസാനിപ്പിക്കുന്നതിന് മുൻപ് ഇതൊന്നു വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ രക്ഷിതാവിലേക്ക് ജനങ്ങളെ നിങ്ങൾ ക്ഷണിക്കുമ്പോൾ, ഒരു കാര്യം അത്യാവശ്യമായതല്ല, ഒരു പക്ഷേ, എല്ലായ്പ്പോഴും അതു ബുദ്ധിപരവുമായിരിക്കില്ല, നിങ്ങളുടെ മതത്തിലുള്ള കാര്യങ്ങൾ മാത്രം പറയുന്നത് ! വിശുദ്ധഖുർആൻ നിരന്തരം നിങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുന്നു. അതായത് നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ, നിങ്ങൾ ദൈവത്തിന്റെ ഗുണഗണങ്ങൾ കൊണ്ട് തുടക്കം കുറിക്കുക, നിങ്ങളുടെ മതത്തിനെ മഹത്വപ്പെടുത്തി പറയുന്നതിന് പകരം! നിങ്ങളുടെ മതത്തിന്റെ അഥവാ നമ്മുടെ മതത്തിന്റെ-ഇസ്ലാമിന്റെ-മഹത്വം, സന്ദേശം അതിന്റെ സമയമാകുമ്പോൾ, പുറകെ വന്നുകൊള്ളും. നിങ്ങൾ പറയുന്നത് ശ്രവിക്കുന്നവരോട് പറയുക, മോശം പ്രവർത്തികളിൽ നിന്നും അകന്നു കഴിയുവാൻ! അവരുടെ ബുദ്ധിയെ തട്ടി ഉണർത്തി നല്ല കാര്യങ്ങൾ ചെയ്യുവാൻ പറയുക. അത് എല്ലാ മനുഷ്യർക്കും പൊതുവിലുള്ളതാകുന്നു, കാരണം ഈ ആശയം എല്ലാ മതങ്ങളിലും അനന്തരാവകാശമായി വന്നിട്ടുള്ളതാണ്. നിങ്ങളുടെ സന്ദേശം നിങ്ങൾ പ്രചരിപ്പിക്കുവാൻ, വ്യാപിപ്പിക്കുവാൻ തുടങ്ങുകയാണെങ്കിൽ, അതും ഒരു തർക്കം നിലനില്ക്കുന്ന വിഷയമാണെങ്കിൽ, ജനങ്ങൾക്ക് അതിലെ താത്പര്യം നഷ്ടമാവുകയും, അവരോട് പറയുവാൻ ഉദ്ദേശിച്ച കാര്യം പറയുവാൻ സാധിക്കാതെ വരുകയും ചെയ്യും. അവർ പിന്തിരിഞ്ഞു പോവുകയും ചെയ്യും, ചിലപ്പോൾ അവർ നിങ്ങളോട് കർശനമായ നിലപാട് സ്വീകരിക്കുകയും ചെയ്യും, ഒടുവിൽ ഒരനുരഞ്ജനത്തിന് സാധ്യമല്ലാത്ത നിലയിൽ കാര്യങ്ങൾ എത്തുകയും ചെയ്യും.

ബുദ്ധിയോടെ, ദയാവായ്പോടെ, സ്നേഹത്തോടെ, നിഷ്ക്കളങ്കതയോടെ, സ്വാത്തികതയോടെ നിങ്ങൾ പ്രവർത്തിക്കുക. അങ്ങനെയായാൽ നിങ്ങൾ, നിങ്ങളിൽ, ദൈവത്തെ

കണ്ടെത്തും, നിങ്ങളുടെ വീനിതമായ പ്രയത്നങ്ങളിൽ, ജനങ്ങളെ  അതിലേക്ക് മാത്രം നയിക്കുന്ന പ്രയത്നങ്ങളിൽ, നിങ്ങൾ അവന്റെ സഹായം കാണുന്നതാണ്. അതെ, അവൻ സൃഷ്ടാവാണ്. അവൻ നിലനില്ക്കുന്നവനാണ്. അവൻ സത്യവാനാണ്, അവന്റെ സത്യതയിലുള്ള ദൃഷ്ടാന്തങ്ങളിലേക്ക്, അത് ഇഹലോകത്തായാലും ശരി പരലോകത്തായാലും ശരി! ആയതിനാൽ എന്റെ അനുചരന്മാരും സഹാബാക്കളും ബലഹീനരാകരുത്. ധൈര്യം ചോർന്നു പോയവരും ആകരുത്. നിങ്ങൾ, മുസ്ലിംകൾ, നന്മയിൽ ഉയരൂ, ദയാ പുരസ്സരം പെരുമാറൂ, ജനങ്ങളെ ദയാപൂർവ്വം നയിക്കുവിൻ. നിങ്ങൾ ശുദ്ധഹൃദയത്തോടെ ആയിരിക്കണം ഇത് നിറവേറ്റണ്ടത്. ഹസ്രത് ഇബ്റാഹീം(അ) ഈ ശുദ്ധ ഹൃദയമാണ് പ്രദർശിപ്പിച്ചത്, അത് അല്ലാഹുവിനെ, അതെ, സൃഷ്ടാവിനെ തന്നെ കീഴടക്കി. അങ്ങനെ അദ്ദേഹം ദൈവത്തിന്റെ ഉറ്റസുഹൃത്തായി മാറി. ആത്മമിത്രമായി മാറി. ദൈവം, താൻതന്നെ, അദ്ദേഹത്തിന് ബോധനം നല്കി. മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ, എന്നിട്ടവരെ അവനിലേക്ക് നയിക്കുവാൻ, മാർഗദർശനം നല്കുവാൻ! അൽഹംദുലില്ലാഹ്

ഈ മഹത്തായ ജോലിയിൽ അല്ലാഹു(ത) നിങ്ങളെ അനുഗ്രഹിക്കട്ടെ! ദൈവ പ്രീതി മാത്രം ലക്ഷ്യമാക്കിക്കൊണ്ട്, ഈ നന്മയും ഇച്ഛയും നിങ്ങളിൽ ഉണ്ടാകട്ടെ, അതിലൂടെ വിജയം പ്രാപിക്കട്ടെ! മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടിയുള്ളതല്ല; അല്ലെങ്കിൽ ഖലീഫത്തുല്ലാഹ്യെ കാണിക്കുവാൻ വേണ്ടിയുള്ളതുമല്ല! ഇൻശ അല്ലാഹ്! ദൈവഭക്തിയാൽ നിഷ്കളങ്കരായ നിങ്ങളുടെ ഈ അന്വേഷണത്തിൽ നിങ്ങൾ വിജയിക്കുന്നതാണ്.! ആമീൻ.




*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*